(ബി) ഇല്ല. പക്ഷെ 1-4-2001 മുതൽ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സംസ്ഥാന വിഹിതമായി 300 രൂപ അനുവദിച്ചിരുന്നു.

(സി) വർക്കർമാർക്ക് 1238 രൂപ മുതൽ 1363 രൂപ വരെയും ഹെൽപ്പർമാർക്ക് 800 രൂപയുമാണ് പ്രതിമാസ ഓണറേറിയം. ഇതിൽ സംസ്ഥാന സർക്കാർ വിഹിത മായി 300 രൂപയും ഉൾപ്പെട്ടിട്ടുണ്ട്.

അംഗൻവാടി വർക്കർ/ഹെൽപ്പർ നിയമന രീതി

117 [487] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഐ.സി.ഡി.എസ്. പ്രോജക്ട് അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത മാനദണ്ഡത്തിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ;

(ബി) അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ തെരഞ്ഞെടുക്കുന്ന കമ്മിറ്റി രൂപീകരണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത മാനദണ്ഡത്തിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) 1. സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിൽ അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും അപേക്ഷകരെ ജില്ലാ കളക്ടർ ചെയർമാനായി ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഇന്റർവ്യൂ നടത്തി തെരഞ്ഞെ ടുക്കുകയാണ് ചെയ്യുന്നത്.

2. അംഗൻവാടി വർക്കർ/ഹെൽപ്പർ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ. (എം.എസ്.) നം. 19/91/സാ.ക്ഷേ.വ. തീയതി 14-10-1991, സർക്കാർ ഉത്തരവ് (എം.എസ്.) നം. 9/95/സാ.ക്ഷേ.വ. തീയതി 28-2-1995, സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്./എ4/32627/99 തീയതി 15-10-1999 എന്നീ ഉത്തരവു കളനുസരിച്ചാണ്. (അനുബന്ധമായി ചേർത്തിരിക്കുന്നു.†)

(ബി) ജില്ലാ കളക്ടറോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ചെയർമാനായും പദ്ധതി പ്രദേശത്തെ എം.എൽ.എ./എം.എൽ.എ.-മാർ (പ്രതിനിധി) എം.പി./എം.പി.-മാർ (പ്രതിനിധി) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, അതാത് പദ്ധതി പ്രദേശത്തെ ജില്ലാ പഞ്ചായത്ത് മെമ്പർമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ, ജില്ലയിലെ സാമൂഹ്യക്ഷേമ പ്രവർത്തകരിൽ നിന്നും ഒരു വനിത ഉൾപ്പെടെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ മെമ്പർമാരായും ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ കൺവീനറായുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. (ബന്ധപ്പെട്ട ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly